Special Messenger.

കേരള സർക്കാർ

സംഗ്രഹം

പ്രിസം (PRISM)- പ്രിസം സോഫ്റ്റ് വെയർ മുഖേന ഓൺലൈനായി പ്രിസം വഴി പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നത് വിദ്യാഭ്യാസം, ആരോഗ്യം, പോലീസ് എന്നീ വകുപ്പുകളിലേയ്ക്ക് കൂടി വ്യാപിപ്പിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ധനകാര്യ (പെൻഷൻ-എ) വകുപ്പ്

സ.ഉ.(പി)നം. 98/2018/ധന. തിരുവനന്തപുരം, തീയതി, 26.06.2018

പരാമർശം :- 1) സ.ഉ(പി)നം.421/2014/ധന. തീയതി 25.09.2014
2) സ.ഉ(പി)നം.179/2016/ധന തീയതി 10.12.2016.
3) സ.ഉ(പി)നം.49/2017/ധന. തീയതി 21.04.2017.
4) സ.ഉ(പി)നം.114/2017/ധന. തീയതി 25.08.2017.

## ഉത്തരവ്

സംസ്ഥാനത്തെ സർക്കാർ ജീവനക്കാരുടെ പെൻഷൻ അനുബന്ധ രേഖകൾ ഓൺലൈൻ ആയി പരിശോധിച്ച് തീർപ്പാക്കുന്നതിനായി പരാമർശം (1) പ്രകാരം സർക്കാർ പ്രിസം (Pensioners Information System) സോഫ്റ്റ് വെയർ വികസിപ്പിച്ചതും, വിവിധ വകുപ്പുകളിലെ പെൻഷൻ അനുവദിക്കാൻ ചുമതലപ്പെടുത്തിയിരിക്കുന്ന ഉദ്യോഗസ്ഥരുടെ ലിസ്റ്റ് പരാമർശം (2) പ്രകാരം പുറപ്പെടുവിച്ചതുമാണ്. പ്രിസം സോഫ്റ്റ് വെയർ മുഖേന പെൻഷൻ പേപ്പറുകൾ സമർപ്പിക്കുന്നതിന്റെ വിശദമായ മാർഗ്ഗ നിർദ്ദേശങ്ങളും നടപടിക്രമങ്ങളും പരാമർശം (3) പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതും പെൻഷൻ അനുവദിക്കുന്നതിന് മുന്നോടിയായി പെൻഷൻ അപേക്ഷകൾ സ്വീകരിക്കുന്ന അധികാരിയുടെ അഭിപ്രായം (Remarks by the Receiving Authority-RRA) രേഖപ്പെടുത്തുന്നതിനായി വിവിധ വകുപ്പുകളിൽ ചുമതലപ്പെടുത്തിയിരിക്കുന്ന ഉദ്യോഗസ്ഥരുടെ ലിസ്റ്റ് സംബന്ധിച്ച് പരാമർശം (4) പ്രകാരം ഉത്തരവും പുറപ്പെടുവിച്ചിട്ടുള്ളതാണ്. മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ 01.05.2017 മുതൽ ധനകാര്യ വകുപ്പിലും തുടർന്ന് പൊതുഭരണ, നിയമ വകുപ്പുകളിലും പെൻഷൻ അനുബന്ധ രേഖകൾ പൂർണ്ണമായും ഓൺലൈനായി പ്രിസം വഴി നടപ്പാക്കി വരികയാണ്.

2) കാര്യക്ഷമമായും സമയബന്ധിതമായും പെൻഷൻ അപേക്ഷകൾ തീർപ്പാക്കാൻ പ്രിസം മുഖേന സാധിക്കുന്നുണ്ട് എന്ന് സർക്കാരിന് ബോധ്യപ്പെട്ടിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ പ്രിസം (PRISM) സംസ്ഥാനത്തെ മുഴുവൻ സർക്കാർ വകുപ്പുകളിലേയ്ക്കും വ്യാപിപ്പിക്കാൻ തീരുമാനിച്ചിരിക്കുന്നു. ആയതിന്റെ ആദ്യ പടിയെന്നോണം **വിദ്യാഭ്യാസ വകുപ്പ്, ആരോഗ്യ വകുപ്പ്, പോലീസ് വകുപ്പ്** എന്നീ 3 വകുപ്പുകളിൽ 01.07.2018 മുതൽ പെൻഷൻ അപേക്ഷകൾ പ്രിസം സോഫ്റ്റ് വെയർ മുഖേന സമർപ്പിക്കുവാൻ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

3) 01.07.2018 മുതലുള്ള മുഴുവൻ പെൻഷൻ അപേക്ഷകളും ഈ വകുപ്പുകൾ പ്രിസം വഴി സമർപ്പിക്കേണ്ടതാണ്. മേൽ വകുപ്പുകളിൽ ഇതിനായി ചുമതലപ്പെടുത്തിയിരിക്കുന്ന ഉദ്യോഗസ്ഥർക്ക് ധനകാര്യ (ഐ.ടി.എസ്.എഫ്) വകുപ്പ് മുഖേന ആവശ്യമായ ട്രെയിനിങ് നൽകുന്നതാണെന്നറിയിച്ചു കൊണ്ടും പ്രിസം സംബന്ധിച്ച് വിവിധ വകുപ്പുകളിലെ പെൻഷൻ അപേക്ഷകൾ തീർപ്പാക്കാൻ ചുമതലപ്പെടുത്തിയിരിക്കുന്ന ഉദ്യോഗസ്ഥർക്ക് പരിശീലനം നല്കുന്നതിനായി ധനകാര്യ (ഐ.ടി.എസ്.എഫ്) വകുപ്പിനെ ചുമതലപ്പെടുത്തിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**കെ.രാജശ്രീ**
**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

പകർപ്പ് :
1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ) കേരള, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ ( ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം.
4. പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
5. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
6. സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്
7. സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്
8. സെക്രട്ടറി, ആരോഗ്യ വകുപ്പ്
9. സെക്രട്ടറി, ആഭ്യന്തര വകുപ്പ്
10. ധനകാര്യ(ഐ.ടി.എസ്.എഫ്)വകുപ്പ്, ഡി.പി.സി, കേരള യൂണിവേഴ്സിറ്റി ക്യാംപസ്,പാളയം.
11. നോഡൽ ഓഫീസർ www.finance.kerala.gov.in
12. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**സെക്ഷൻ ഓഫീസർ**